# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P3/1013/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 02/09/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുതുതല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P3/1013/2021 തീയ്യതി: 02/09/2021

## പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 14-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ.സതീശൻ | ഡെപ്യൂട്ടി ഡയറക്റ്റർ | 15-07-2021 | 03-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-07-2021 | 03-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ.പ്രകാശ്ബാബു, ഓഡിറ്റ് ഓഫീസർ ,ഹയർ ഗ്രേഡ്
കെ.പി.മുഹമ്മദ് ഫാറൂക്ക് ,അസി.ഓഡിറ്റ് ഓഫീസർ
എ.ബി.സുരേഷ് ,അസി.ഓഡിറ്റ് ഓഫീസർ
എസ്.ഷഹീർ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| സി.എം.നീലകണ്ഠൻ ഭട്ടതിരിപ്പാട് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 30-11-2020 |
| എ.ആനന്ദവല്ലി | പ്രസിഡന്റ് | 01-12-2020 | 31-03-2021 |
| സുപ്രഭ കെ.പി | സെക്രട്ടറി | 01-04-2020 | 18-01-2021 |
| സി.പി.സുരേഷ് കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-01-2021 | 04-02-2021 |
| ഗീത വി.എ | സെക്രട്ടറി | 05-02-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സി.പി.സുരേഷ് കുമാർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| രശ്മി എം.ബി | കൃഷി ഓഫീസർ | 01-04-2020 | 06-10-2020 |
| ശ്വേത വി.ഐ | കൃഷി ഓഫീസർ | 07-10-2020 | 05-03-2021 |
| റിഷ് ല | കൃഷി ഓഫീസർ (ഇൻ ചാർജ്ജ) | 06-03-2021 | 31-03-2021 |
| ഡോ.എസ്.ശങ്കരനാരായണൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 07-10-2020 |
| ഡോ.വൈഖരി | വെറ്ററിനറി സർജ്ജൻ | 08-10-2020 | 31-03-2021 |
| രാജീവ് കെ.കെ | അസി.എഞ്ചിനീയർ | 01-04-2020 | 15-10-2020 |
| ഡോണ വർഗ്ഗീസ് | അസി.എഞ്ചിനീയർ | 16-10-2020 | 31-03-2021 |
| ഡോ.രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.മഞ്ജുഷ പി.കെ | മെഡിക്കൽ ഓഫീസആയുർവേദം) | 01-04-2020 | 31-03-2021 |
| രുഗ്മിണി കുഞ്ഞമ്മ | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.സ്കൂൾ | 01-04-2020 | 31-03-2021 |
| പ്രശാന്ത് എൻ.വി | വില്ലേജ് എകസ്ടൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| വിനോദിനി എ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 08-11-2020 |
| സാജിത എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2020 | 31-03-2021 |
| സി.ജെ.ജാസ്മിൻ | ഡയറി എകസ്റ്റൻഷൻ | 01-04- | 29-05- |

| | | | |
|---|---|---|---|
| | ഓഫീസർ | 2020 | 2020 |
| പ്രിയ പി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 30-05-2020 | 16-06-2020 |
| റീന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-06-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sheheer (Auditor, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Sheheer (Auditor, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-2-1 |
| 4 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-4 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: K.P. Muhammed Farook (Asst. Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-7 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-8 |
| 10 | വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9 |
| 11 | വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9-1 |
| 12 | വസ്തു നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9-2 |
| 13 | വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9-3 |
| 14 | വസ്തു നികുതി കൂടുതലായി നിർണ്ണയിച്ചു - കൂടുതലായ തുക ക്രമീകരിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9-4 |
| 15 | വസ്തു നികുതി - സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-9-5 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് | 1-10 |

| | | |
|---|---|---|
| | നൽകൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | |
| 17 | ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-10-1 |
| 18 | ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-10-2 |
| 19 | ഇ-ടെണ്ടർഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-11 |
| 20 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-12 |
| 21 | ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-12-1 |
| 22 | റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-12-2 |
| 23 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-12-3 |
| 24 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-12-4 |
| 25 | മരാമത്ത് പ്രവൃത്തികളുടെ അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-13 |
| 26 | പ്രൊജക്ടുകളുടെ സമയബന്ധിതമായ നിർവഹണം- 2020-21 സെക്രട്ടറി മുഴുവൻ പ്രൊജക്ടുകളും നടപ്പാക്കിയില്ല-<br>Written By: K.P. Muhammed Farook (Asst. Audit Officer, On 05-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-14 |
| 27 | ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ ഒടുക്കിയ തുക – അപാകതകൾ സംബന്ധിച്ച്<br>Written By: K.P. Muhammed Farook (Asst. Audit Officer, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-15 |
| 28 | മെയിന്റനൻസ് ഫണ്ടിൽ നിന്നും പി.ടി.എസിന് വേതനം നൽകിയിരിക്കുന്നു<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-16 |
| 29 | ആടു വളർത്തൽ (ജനറൽ) - അപാകതകൾ<br>Written By: A B Suresh (Asst. Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-17 |
| 30 | ആടു വളർത്തൽ (എസ്.സി)- പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച്<br>Written By: A B Suresh (Asst. Audit Officer, On 06-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-18 |
| 31 | | 1-19 |

| | | |
|---|---|---|
| | ജീവനക്കാരുടെ ഓണം മുൻകൂർ തുക – 6000 രൂപ തിരികെ ഈടാക്കിയിട്ടില്ല<br>Written By: K.P. Muhammed Farook (Asst. Audit Officer, On 05-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | |
| 32 | ആയുർവേദ ഡിസ്പെൻസിറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല<br>Written By: Sheheer (Auditor, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-20 |
| 33 | ഹോമിയോ ആഴുപത്രിക്ക് മരുന്ന്- മരുന്ന് ലഭിച്ചിട്ടില്ല-<br>Written By: K.P. Muhammed Farook (Asst. Audit Officer, On 05-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-21 |
| 34 | വിവിധ ഏജൻസികൾക്ക് നിർവഹണത്തിനു വേണ്ടി കൈമാറിയ പ്രൊജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 05-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-22 |
| 35 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)-അവലോകനം<br>Written By: A B Suresh (Asst. Audit Officer, On 03-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-23 |
| 36 | എൻ.ആർ.ഇ.ജി.എസ്എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-24 |
| 37 | തൊഴിലുറപ്പു പദ്ധതി-അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 09-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 1-25 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 08-08-2021)<br>Last Updated By: N. A. Eldos (Computer Assistant, On 02-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഓഡിറ്റ് ചെയ്ത കണക്കുകളുടെ സംക്ഷിപ്ത പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 17/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് .
(3 /തി.09-02-2021)
ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 2877125 | 188261100 | 191138225 | 190044250 | 1093975 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 23-06-21 | ----- | ----- |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3) NREGA-അഡ്മിനിസ്റ്റേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക , എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

7)തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഷെഡ്യൂൾ I-16)

8)ബാലൻസ് ഷീറ്റിൽ State Govt Cess /Levies In Property Tax (ലൈബ്രറി സെസ്സ്) ഇനത്തിലുള്ള തുക വസ്തുനികുതി കുടിശ്ശിക തുകയുടെ നിശ്ചിത നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- | 0 | 8774000 | 8774000 | 7018615 | 1755385 |

| | | | | | |
|---|---|---|---|---|---|
| ജനറൽ (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 12417000 | 12417000 | 11374295 | 1042705 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 10710000 | 10710000 | 9644739 | 1065261 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3492000 | 3492000 | 2459096 | 1032904 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7680000 | 7680000 | 4139601 | 3540399 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റ് (ACR പ്രകാരം) | 0 | 2527665 | 2527665 | 1916169 | 611496 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | 1952391 | 2319760 | 4272151 | 551416 | 3720735 |
| ICDS | 1068905 | 817802 | 1886707 | 520004 | 1366703 |
| MGNREGS തൊഴിലാളികളുടെ കൂലി | 0 | 20135335 | 20135335 | 20135335 | 0 |
| MGNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 253670 | 1754326 | 2007996 | 1995313 | 12683 |
| ബി ഫണ്ട് | 0 | 244700 | 244700 | 244700 | 0 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 316 | 115798575 | 202 | 47317415 | 0 | 114 | 63.92 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 13 | 5 | 5286875 | 3145631 | 59.49 |
| വി.ഇ.ഒ | 25 | 6 | 46369645 | 11736495 | 25.30 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 7 | 5088100 | 2896673 | 56.93 |
| സെക്രട്ടറി | 27 | 13 | 13411973 | 3113452 | 23.2 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 210 | 137 | 31767318 | 18460299 | 58.11 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 8 | 2055000 | 1522867 | 74.10 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 668250 | 668250 | 100 |
| അസി.സെക്രട്ടറി | 14 | 11 | 4749164 | 2619658 | 55.16 |
| വെറ്ററിനറി സർജൻ | 7 | 7 | 3460000 | 2183764 | 63.11 |
| ഹെഡ് മിസ്ട്രസ് | 9 | 4 | 816250 | 614468 | 75.27 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 2 | 2 | 650000 | 355858 | 54.74 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 0 | 1476000 | 0 | 0 |
| ആകെ | 316 | 202 | 115798575 | 47317415 | 40.86 |

മേൽ കൊടുത്ത വിവരങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം കിട്ടിയ പ്രോജക്റ്റുകളിൽ നല്ലൊരു പങ്കും തൻവർഷം നടപ്പിലാക്കാതെ അവശേഷിച്ചു എന്ന് മനസ്സിലാക്കാവുന്നതാണ്. അതുപ്രകാരം ചെലവ്

ശതമാനം കേവലം നാൽപതു ശതമാനം മാത്രമായിത്തീരുകയും ചെയ്തു. ഇത് പദ്ധതി നടപ്പിലാക്കുന്നതിലും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിലും അധികൃതർ കാണിക്കുന്ന അശ്രദ്ധയും അവധാനതയും ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-5 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3809700 | 263 |
| വിധവാപെൻഷൻ | 17028300 | 1124 |
| വാർദ്ധക്യകാല പെൻഷൻ | 26643700 | 1865 |
| വികലാംഗപെൻഷൻ | 4915300 | 337 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ വിവാഹ ധനസഹായം | 1954900 | 102 |

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2021 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6211/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-7 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 7/7/2021 | 06/2021 | ലഭിച്ചിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-4-2006 To 6-5-2006 | 1997-98 മുതൽ 2005-06 വരെ | 7-06-2006 | ഇല്ല |

1-9 വസ്തു നികുതി - ചില ഉപയോഗക്രമങ്ങൾക്ക് നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിർദ്ദേശിക്കുന്ന കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തേണ്ട വസ്തുനികുതി നിരക്കുകൾ ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി നിർണ്ണയം നടത്തേണ്ടതാകുന്നു.

14.01.2011 ലെ സ.ഉ(അ) നം. 19/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 36/2011 വിജ്ഞാപനപ്രകാരം ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളുടെയും ഒരു ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും അവ പ്രബല്യത്തിൽ വരുന്ന തിയതിയും സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 100/2015 വിജ്ഞാപനപ്രകാരവും 08.09.2020 ലെ സ.ഉ.(അ)നം.53/2020/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നമ്പർ 575/2020 വിജ്ഞാപനപ്രകാരവും ഉപയോഗക്രമങ്ങൾ കൂട്ടിച്ചേർത്ത് ഭേദഗതി വരുത്തിയിരുന്നു.

മുതുതല ഗ്രാമപഞ്ചായത്തിൽ മേൽ ഭേദഗതി പ്രകാരമുള്ള നികുതി നിരക്ക് നിശ്ചയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. നികുതി നിരക്ക് നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്താത്ത ഉപയോഗക്രമങ്ങളും അവയ്ക്ക് സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധിയും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|---|
| 1 | സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| 2 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് | 3 | 8 |
| 3 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| 4 | ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 |
| 5 | റസിഡൻഷ്യൽ ഹോംസ്റ്റേ | 10 | 25 |

സർക്കാർ നിർദ്ദേശിച്ച കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ബാധകമാക്കാവുന്ന നികുതി നിരക്ക് പ്രമേയം മൂലം നിശ്ചയിച്ച് ആയതിനനുസൃതമായി നികുതി

നിർണ്ണയം നടത്താത്തത് തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കുന്നതിനും നികുതി നഷ്ടത്തിനും കാരണമാവുന്നു.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.03/19.07.2021) നികുതി നിരക്ക് നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഏതെങ്കിലും വിഭാഗം കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അടിയന്തിരമായി നിരക്ക് പുതുക്കി നിശ്ചയിക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-9-1 വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ - അർഹത പുനപരിശോധിക്കേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പരിശോധനയിൽ താഴെ പറയുന്ന കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ/ സ്ഥാപനത്തിന്റെ പേര് | വിസ്തീർണ്ണം (M2) | റിമാർക്ക്സ് | ഓഡിറ്റ് നിരീക്ഷണം |
|---|---|---|---|---|---|
| 1 | 3/160 | സർവ്വോദയ സംഘം | 46 | ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടത്തിൽ ഉൾപ്പെടുത്തി നികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. | ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധി ക്കേണ്ടതാണ്. |
| 2 | 12/237 | കോഴിക്കോട് സർവ്വോദയ സംഘം നൂൽപ്പ് പരിശീലന കേന്ദ്രം | 55 | നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടില്ല. | കാരണം രേഖപ്പെടുത്താതെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് പുനപരിശോധി ക്കേണ്ടതാണ്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 04/18.06.2021) മേൽ കെട്ടിടങ്ങളെ സർക്കാർ ഉടമസ്ഥതയിലുള്ള സഹകരണ സംഘങ്ങളായതിനാലാണ് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയത് എന്ന മറുപടി നൽകിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള സഹകരണ സംഘങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മതിയായ കാരണങ്ങളില്ലാതെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ നടപടി പുന:പരിശോധിച്ച് കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 276(3)-ാം വകുപ്പ് പ്രകാരം ഫയൽ ചെയ്ത ഒരു അപ്പീൽ, അതു ലഭിച്ചശേഷം 60 ദിവസത്തിനകം പഞ്ചായത്തോ അല്ലെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റിയോ അതിനു യുക്തമെന്നു തോന്നുന്ന രീതിയിൽ തീർപ്പു കൽപ്പിക്കേണ്ടതാണ് എന്ന് വിശദമാക്കിയിട്ടുണ്ട്. ആയതുകൊണ്ട് സമയബന്ധിതമായി ഇവയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ഇവ നിരീക്ഷണ വിധേയമാക്കുന്നതിനും ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിലുള്ള വസ്തുനികുതി അപ്പീൽ രജിസ്റ്റർ, നികുതി എഴുതിതള്ളൽ സംബന്ധിച്ച രജിസ്റ്റർ, വേക്കൻസി റെമിഷൻ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-9-2 വസ്തു നികുതി ഈടാക്കുന്ന കെട്ടിടങ്ങളുടെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു

സഞ്ചയയിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നുണ്ടെങ്കിലും അസസ്സ്മെന്റ് രജിസ്റ്ററിലെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തിയതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച.മീ.)ഉപയോഗക്രമം | Exemption Type കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് |
|---|---|---|---|---|
| 1 | 8/97 | ബാബു | 80, പാർപ്പിടം | ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 30 ച.മീ. ൽ താഴെയുള്ള വാസഗൃഹം |
| 2 | 8/112 | ഭാസ്കരൻ പി | 80, പാർപ്പിടം | " |
| 3 | 13/332 | സൈതലവി | 12, ഓഫീസ് ആവശ്യത്തിന് | ഏതെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വക കെട്ടിടം |
| 4 | 14/24 | ചാമി | 67, പാർപ്പിടം | ദാരിദ്ര രേഖയ്ക്ക് താഴെയുള്ള 30 ച.മീ. ൽ താഴെയുള്ള വാസഗൃഹം |
| 5 | 14/370 | മുഹമ്മദ് | 15, വാണിജ്യം | സ.ഉ(എം.എസ്)നം.385/15/തസ്വഭവ |

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയും എന്നാൽ അസസ്സ്മെന്റ് രജിസ്റ്ററിലെ Exemption Type എന്ന കോളത്തിൽ വസ്തു നികുതി ഒഴിവാക്കുന്നതിനായുള്ള വിവിധ കാരണങ്ങൾ രേഖപ്പെടുത്തുകയും ചെയ്തത് ശരിയായ നടപടിയല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/19.07.2021) ഡാറ്റാ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന മുറയ്ക്ക് ആവശ്യമായ മാറ്റങ്ങൾ സഞ്ചയയിൽ വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9-3 വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യ പത്രികയിലെ (ബാലൻഷീറ്റ് B-15) വിവരങ്ങൾ പ്രകാരം വസ്തു നികുതി ഇനത്തിൽ ആകെ 907272/- രൂപയും (തൻവർഷ കുടിശ്ശിക 602960/- രൂപ, മുൻവർഷങ്ങളിലെ കുടിശ്ശിക 304312/- രൂപ) പഞ്ചായത്ത് പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. നിലവിലെ വസ്തു നികുതി കുടിശ്ശിക വിവരം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 05/19.07.2021) താഴെ പറയും പ്രകാരമുള്ള കുടിശ്ശിക നിലനിൽക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| ബാക്കി നിലനിൽക്കുന്ന വസ്തു നികുതി കുടിശ്ശിക | |
|---|---|
| തൻവർഷം | മുൻവർഷം |
| 308556 (റസിഡൻഷ്യൽ) 464498 (നോൺ റസിഡൻഷ്യൽ) | മുൻ വർഷങ്ങളിലെ കുടിശ്ശിക തന്നാണ്ടിലേക്ക് ക്യാരി ഓവർ ചെയ്തിട്ടുണ്ട്. |

വസ്തു നികുതി കുടിശ്ശിക ഈടാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9-4 വസ്തു നികുതി കൂടുതലായി നിർണ്ണയിച്ചു - കൂടുതലായ തുക ക്രമീകരിക്കേണ്ടതാണ്

മുതുതല ഗ്രാമപഞ്ചായത്തിൽ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ച.മീ.ന് 40/- രൂപയും 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 50/- രൂപയായും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടത്തിന് 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്കുള്ള 40/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിക്കുന്നതിന് പകരം 100 ച.മീ.ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കുള്ള 50/- രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | കെട്ടിടത്തിന്റെ തരം | വിസ്തീർണ്ണം |
|---|---|---|---|
| 10/8A | കുഞ്ഞാലികുട്ടി | വാണിജ്യം | 16.19 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 07/22.03.2021) കൂടുതലായി നിർണ്ണയിച്ച വസ്തു നികുതി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി വസ്തു നികുതി ഇനത്തിൽ കൂടുതലായി ഈടാക്കിയ തുക വരും വർഷങ്ങളിൽ ക്രമീകരിച്ച് നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-9-5 വസ്തു നികുതി - സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മുതുതല ഗ്രാമപഞ്ചായത്തിൽ തനത് വരുമാനം കുറവായതിനാൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി കൂടി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ആയതിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 05/19.07.2021)

## 1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും

<u>ലൈസൻസ് നൽകൽ - അപാകങ്ങൾ പരിഹരിക്കേണ്ടതാണ്</u>

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2020-21 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

<u>1-10-1 ലൈസൻസിനായുള്ള അപേക്ഷാ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല</u>

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2020-21 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനലനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-10-2 ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നില്ല</u>

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസ് നിരക്കുകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിഭാഗം | മേഖല | മൂലധന നിക്ഷേപം | ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | മൈക്രോ എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 | മിനി എന്റർപ്രൈസസ് | ഉൽപാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും ഒരു കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 1000 |
| | | സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ അധികരിക്കാത്തതും | |
| 3 | സ്മാൾ എന്റർപ്രൈസസ് | ഉൽപാദന മേഖല | ഒരു കോടി രൂപയിൽ കൂടുതലും 5 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 5000 |
| | | സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2 കോടി | |

| | | | | |
|---|---|---|---|---|
| | | | രൂപയിൽ അധികരിക്കാത്തതും | |
| 4 | മീഡിയം എന്റർപ്രൈസസ് | ഉൽപാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടിയിൽ രൂപയിൽ അധികരിക്കാത്തതും | 10000 |
| | | സേവന മേഖല | 2 കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ അധികരിക്കാത്തതും | |
| 5 | ലാർജ് എന്റർപ്രൈസസ് | ഉൽപാദന മേഖല | 10 കോടി രൂപയിൽ കൂടുതൽ | 15000 |
| | | സേവന മേഖല | 5 കോടി രൂപയിൽ കൂടുതൽ | |

എന്നാൽ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളിൽ നിന്നും വിവിധ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയതായി കാണുന്നു. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ലൈസൻസ് നം. | ഈടാക്കിയ ലൈസൻസ് ഫീ (രൂപയിൽ) |
|---|---|---|---|---|
| 1 | അഭിനവ് ഓട്ടോ ഗ്യാരേജ് | നാരായണൻ | 04/20-21 | 180 |
| 2 | രാഗം ലൈറ്റ് & സൗണ്ട് | രാമദാസ് സി | 05/20-21 | 300 |
| 3 | പാച്ചൂസ് റൈസ് & ഫ്ലവർ മിൽ | വത്സല അന്തർജ്ജനം | 09/20-21 | 300 |
| 4 | എസ് എ എസ് ഏജൻസീസ് | സേതുമാധവൻ | 15/20-21 | 400 |
| 5 | കുഞ്ഞാക്ക സ്റ്റോർസ് | സലിം | 20/20-21 | 200 |
| 6 | എ പി എസ് ട്രേഡ് മാർക്കറ്റ് | ഷാഹുൽ ഹമീദ് | 24/20-21 | 2500 |
| 7 | ന്യൂ സ്റ്റാർ സോഡാ കമ്പനി | റിയാസ് | 46/20-21 | 300 |
| 8 | കാർത്തി സ്റ്റോർസ് | നാരായണൻ | 55/20-21 | 200 |
| 9 | എ എം എസ് അഗ്രോ ട്രേഡ് സെന്റർ | വി പി മുഹമ്മദ് ഹനീഫ | 62/20-21 | 1500 |
| 10 | തനിഷ്ക റൈസ്, ഫ്ലവർ, ഓയിൽ | വേലായുധൻ | 92/20-21 | 100 |

| | | | | |
|---|---|---|---|---|
| | മിൽ | | | |

ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാതെ മേൽ പ്രകാരം വിവിധ നിരക്കിൽ ലൈസൻസ് ഫീസുകൾ ഈടാക്കിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/02.08.2021) മുതുതല ഗ്രാമപഞ്ചായത്തിൽ ചെറിയ വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നതെന്നും ലൈസൻസ് ഫീസ് മുഴുവനും വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ പട്ടിക II പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>1-11 ഇ-ടെണ്ടർഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല</u>

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെണ്ടർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെണ്ടർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചുവന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ -SBI മുതുതല ബ്രാഞ്ചിൽ 00000037570373058 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 70893 രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട് . ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമ പഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>1-12 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്</u>

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

<u>1-12-1 ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | ലൈസൻസ് നം. |
|---|---|---|---|---|
| 1 | തൗഫീക്ക് വുഡ് ഇൻഡസ്ട്രീസ് | അബ്ബാസ് എ | 4 | 01/20-21 |
| 2 | രേഷ്മ ഫർണ്ണീച്ചർ | രമേഷ് ബാബു വി | 3 | 03/20-21 |

| | | | | |
|---|---|---|---|---|
| 3 | മുതല സോ മിൽ | ഹംസ പി പി | 4 | 06/20-21 |
| 4 | നൗഷാദ് ബ്രിക്സ് ഇൻഡസ്ട്രീസ് | ടി വി മമ്മു | 7 | 08/20-21 |
| 5 | നൗഫൽ സോ മിൽ | മുഹമ്മദ് കുട്ടി. കെ.ടി | 4 | 10/20-21 |
| 6 | സേലം ഹോട്ടൽ | മൊയ്തൂട്ടി പി.കെ | 3 | 13/20-21 |
| 7 | എം. എ പാനൽസ് | അബൂബക്കർ കെ.എം | 3 | 16/20-21 |
| 8 | ഇന്ദിരാ ഹോളോബ്രിക്സ് | കെ .വേലായുധൻ | 3 | 19/20-21 |
| 9 | ഡയമണ്ട് ബാഗ് | മുഹമ്മദ് ഷാജി | 4 | 25/20-21 |
| 10 | കാരക്കുത്ത് സോ മിൽ | പൊന്നീരി മമ്മു | 5 | 40/20-21 |
| 11 | തങ്ങൾ സോ മിൽ | അഹമ്മദ് കബീർ കെ .ടി | 4 | 45/20-21 |
| 12 | ഹരിശ്രീ എന്റർപ്രൈസസ് | ബീന .കെ. ടി | 3 | 48/20-21 |
| 13 | എ .എസ് ഹോളോബ്രിക്സ് | ആലികുട്ടി | 3 | 61/20-21 |
| 14 | ന്യൂ ശീതൾ പ്രൊഡക്ട്സ് | സി .അയ്യപ്പൻ | 5 | 64/20-21 |
| 15 | റൂബിക്സ് ഫർണ്ണീച്ചർ & ഇന്റീരിയൽ | മെഹിനുദീൻ | 3 | 69/20-21 |
| 16 | താജ് മാർക്കറ്റിംഗ് | അഷ്റഫ്. കെ.പി | 3 | 72/20-21 |
| 17 | മോഡേൺ ഓയിൽ മിൽ | എ .പി ജനാർദ്ദനൻ | 3 | 77/20-21 |
| 18 | പെന്റാ ബാഗ് | മൊയ്തീൻകുട്ടി .പി.ടി | 5 | 104/20-21 |
| 19 | ശാന്തി ട്രാൻസ്പോർട്ട് | വിബിൻ ദാസ് കെ | 14 | 110/20-21 |
| 20 | ശീതൾ മിൽക് പ്രൊഡക്ട്സ് | സി .ലക്ഷ്മണൻ | 8 | 117/20-21 |
| 21 | മോഡേൺ ഫുഡ്സ് | സക്കീർ | 4 | 119/20-21 |
| 22 | ഗസൽ കമ്പ്യൂട്ടറൈസ്ഡ് എംപോറിയം | ഷറഫുദ്ദീൻ | 4 | 153/20-21 |

1-12-2 റേഷൻ കട, കള്ള് ഷോപ്പ് നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷോപ്പുകൾ എന്നിവയുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയത് ഈടാക്കി അറിയിക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ഇബ്രാഹിം. ടി |
| 2 | അഷ്റഫ് അലി |
| 3 | രമേഷ് ബാബു |
| 4 | എം .വി. റസാക്ക് |
| 5 | അബൂബക്കർ .വി |
| 6 | അലി .എം |
| 7 | സി. ഗിരീഷ് |
| 8 | എസ് ബി എം വർക്ക്സ് |

1-12-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | മുതുതല ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 2 | കൊട്ടുമുണ്ട ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 3 | വട്ടപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | അക്ഷയ- ഇ കേന്ദ്രം, മുതുതല | I &II |
| | | |

| | | |
|---|---|---|
| 5 | കാരുണ്യാ മെഡിക്കൽ സെന്റർ, മുതുതല | I &II |
| 6 | ഉത്രാടം ലബോറട്ടറി, കൊട്ടുമുണ്ട | I &II |
| 7 | ഈശാന ആയുർവ്വേദ യോഗാശ്രമം, മുതുതല | I &II |
| 8 | സാബിറ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്, തറ, മുതുതല | I &II |

മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12-4 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നാളിതുവരെ ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | എ) റെയിൽവെ സ്റ്റേഷൻ, കൊട്ടുമുണ്ട<br>ബി) റെയിൽവെ ഗൈറ്റ്, കൊട്ടുമുണ്ട | I &II |
| 2 | നീതി മെഡിക്കൽ ലാബ്, പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക് (താൽക്കാലിക ജീവനക്കാരുടെ) | I &II |
| 3 | മുതുതല ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 4 | കൊട്ടുമുണ്ട ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 5 | വട്ടപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം | I &II |
| 6 | അക്ഷയ -ഇ കേന്ദ്രം, മുതുതല | I &II |
| 7 | കാരുണ്യാ മെഡിക്കൽ സെന്റർ, മുതുതല | I &II |
| 8 | ഉത്രാടം ലബോറട്ടറി, കൊട്ടുമുണ്ട | I &II |
| 9 | ഈശാന ആയുർവ്വേദ യോഗാശ്രമം, മുതുതല | I &II |
| 10 | സാബിറ ഗ്രാനൈറ്റ് ഇൻഡസ്ട്രീസ്, തറ, മുതുതല | I &II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/02.08.2021 ന് ലഭ്യമാക്കിയ മറുപടിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 മരാമത്ത് പ്രവൃത്തികളുടെ അവലോകനം

അസിസ്റ്റന്റ് എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം ആവിഷ്കരിക്കരിച്ച 210 പ്രവൃത്തികളിൽ (അടങ്കൽ-31767318) 137 എണ്ണം മാത്രമാണ് നടപ്പാക്കാനായത്.(ചെലവ്-218460299-58.11%)

ഇതിൽ 96സ്പിൽഓവർപ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. 47 പ്രവൃത്തികൾ റോഡ് കോൺക്രീറ്റിംഗുമായി ബന്ധപ്പെട്ടതാണ്. തൻവർഷം എഗ്രിമെന്റ് വച്ച 66 പ്രവൃത്തികളിൽ 41 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്.

പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ചെറിയ അടങ്കൽ തുകയിൽ വിവിധ പ്രവൃത്തികൾ നടത്തുന്നതുമൂലം പദ്ധതികളുടെ ബാഹുല്യത്തിനും അതുവഴി പ്രോജക്ടുകളുടെ പൂർത്തീകരണത്തിനും പദ്ധതിതുക സമയബന്ധിതമായി ചെലവഴിയ്ക്കുന്നതിനും കഴിയാതെ പോയി.

2. പുതുതായി തയ്യാറാക്കിയ പദ്ധതികളിൽ ഉൾപ്പെട്ട വിവിധ റോഡ് പുനരുദ്ധാരണപ്രവൃത്തികൾ, കോൺക്രീറ്റിംഗ്, സംരക്ഷണഭിത്തി, ഘടക സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ, പഞ്ചായത്ത് കമ്യൂണിറ്റി ഹാൾ എന്നിവയ്ക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി എഗ്രിമെന്റ് വെച്ചത് ഫിബ്രവരി, മാർച്ച് മാസത്തിലാണ്. ആയതിനാൽ മിക്ക പ്രവൃത്തികളും പൂർത്തിയാക്കാനായില്ല.
3. പദ്ധതികളുടെ ബാഹുല്യം മരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമതയെ ബാധിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. തൻ വർഷം 1 ലക്ഷം രൂപയോ അതിൽ താഴെയോ തുക വകയിരുത്തിയ 83 പദ്ധതികളുണ്ടായിരുന്നു. ഇത് ശരിയായ വികസന കാഴ്ചപ്പാടല്ല.
4. ടാറിംഗ്/റീടാറിംഗ് പ്രവൃത്തി പേരിൽമാത്രം ഒതുങ്ങുന്നു. അതും ചെറിയ അടങ്കലിൽതന്നെയാണ് തയ്യാറാക്കുന്നത്. ചെറിയ അടങ്കൽ തുകയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇവ ഇ-ടെൻഡറിന്റെ പരിധിയിൽ നിന്നും ഒഴിവാകയും അതുവഴി മൽസര സ്വഭാവമുള്ള ടെണ്ടറിന്റെ അഭാവത്തിനും കാരണമാകാം.
5. പ്രവൃത്തികളുടെ ബാഹുല്യം മൂലം വളരെയധികം ഫയൽ വർക്കും മറ്റു നടപടികളും എഞ്ചിനിയറിംഗ് വിഭാഗത്തിനു ചെയ്യേണ്ടതായും ബില്ലുകൾ സമയബന്ധിതമായി സമർപ്പിയ്ക്കുന്നതിന് കാലതാമസവും ഉണ്ടാക്കാവുന്നതാണ്.
6. വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗും ഫലപ്രദമായി നടത്തുന്നില്ല.
ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും (Thin Spread Of Resources) ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം കുറയ്ക്കുന്നതിനും അതുവഴി ലഭ്യമായ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 പ്രൊജക്ടുകളുടെ സമയബന്ധിതമായ നിർവഹണം- 2020-21 സെക്രട്ടറി മുഴുവൻ പ്രൊജക്ടുകളും നടപ്പാക്കിയില്ല-

2020-21 കാലയളവിൽ പ്രൊജക്ടുകളുടെ നിർവഹണോദ്യോഗസ്ഥൻ എന്ന നിലയിൽ സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ, നടപ്പാക്കാത്തവ, എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | നിർവഹണോദ്യോഗസ്ഥന്റെ പേര് | അംഗീകരിക്കപ്പെട്ട ആകെ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| 2020-21 | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് | 26 | 14 | 12 | 13411973 | 3113452 | 23.21 |

2020-21 ൽ അംഗീകരിക്കപ്പെട്ടവയിൽ ഏകദേശം 40% ത്തോളം പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല എന്ന് കാണുന്നു.അടങ്കൽ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെലവിന്റെ ശതമാനവും പരിമിതമാക്കപ്പെടുന്നു എന്ന് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കാം.

കർമ സമിതികൾ ഗ്രാമ സഭ, വികസന സെമിനാർ എന്നിവയുൾപ്പെടെ പദ്ധതി രൂപീകരണത്തിന്റെ വിവിധ സംവിധാനങ്ങളിലൂടെ രൂപം കൊള്ളുന്ന പ്രൊജക്ടുകൾ പ്രത്യേകിച്ചും അടിസ്ഥാന സൗകര്യ വികസനം,

വിദ്യാഭ്യാസം,സാമൂഹ്യക്ഷേമം എന്നിവയുമായി ബന്ധപ്പെട്ടവ സമയബന്ധിതമായും കാര്യക്ഷമമായും നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്നിരിക്കെ ഭാവിയിൽ പരമാവധി പ്രൊജക്ടുകൾ നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ ഒടുക്കിയ തുക – അപാകതകൾ സംബന്ധിച്ച്**

മുതുതല ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിലെ വിവിധ സ്ഥലങ്ങളിലെ പൊതു ടാപ്പുകളുടെ സംയുക്തപരിശോധന നടത്തുന്നതിന് കേരള ജല അതോറിറ്റിയുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് 11.12.2017 തീയ്യതിയിൽ A302/2017 നമ്പറായി കേരള ജല അതോറിറ്റിയുടെ പട്ടാമ്പി അസി.എഞ്ചിനീയർക്ക് കത്ത് നൽകി. ജല അതോറിറ്റി, 18.12.17 ലെ PH/PTB/PT/17 നമ്പർ കത്ത് മുഖേന 282 ടാപ്പുകളുടെ ഒരു ലിസ്റ്റ് ഗ്രാമ പഞ്ചായത്തിന് സമർപ്പിച്ചു. ഈ ലിസ്റ്റിൽ നിന്നും ഏതെങ്കിലും കാരണവശാൽ ഒഴിവാക്കപ്പെടേണ്ട പൊതു ടാപ്പുകളുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് ഈ കത്തിൽ KWA പഞ്ചായത്തിനോടാവശ്യപ്പെട്ടിരുന്നു. ജല അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ഉപയോഗശൂന്യമായ 151 ടാപ്പുകളുടെ ലൊക്കേഷൻ ഉൾപ്പെടെയുള്ള മുഴുവൻ വിശദാംശങ്ങളും രേഖപ്പെടുത്തി സമഗ്രമായ ഒരു പട്ടിക ഗ്രാമ പഞ്ചായത്ത് തയ്യാറാക്കുകയും, ഇവ അടയ്ക്കു (Dismantle) ന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് 20.02 2019 -ലെ എ3/1939/18 നമ്പർ കത്ത് മുഖേന പഞ്ചായത്ത് ജല അതോറിറ്റിയുടെ ഷൊർണ്ണൂർ ഡിവിഷൻ അസി. എക്സി. എഞ്ചിനീയർക്ക് കത്ത് നൽകുകയും ചെയ്തു. ജല അതോറിറ്റിയുടെ ഭാഗത്ത് നിന്ന് യാതൊരു നടപടിയും ഉണ്ടാകാത്തതിനാൽ 26.06.2019 ന് ഇതേ നമ്പറിൽ ഒരു ഓർമക്കുറിപ്പ് അയക്കുകയും ചെയ്തു.
പിന്നീട്, മേൽ പറഞ്ഞ 151പൊതു ടാപ്പുകൾ നീക്കം ചെയ്യുന്നതിന് 144200രൂപയുടെ എസ്റ്റിമേറ്റ് ജല അതോറിറ്റി തയ്യാറാക്കുകയും ഈ തുക ജല അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്യാൻ 12.07.2019-ലെ പിഎച്ച്/ എസ്.ആർ.ആർ. ഡി4/1773/19 നമ്പർ കത്ത് മുഖേന പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തു. അത് പ്രകാരം ഗ്രാമ പഞ്ചായത്ത് ചെക്ക് നം. 3064192/19.09.19 പ്രകാരം തുക KWA യുടെ 67150213827 നമ്പർ അക്കൌണ്ടിലേക്ക് ട്രഷറി ചലാൻ മുഖേന തുക അടവാക്കുകയും 19.09.2019 ൽ 08/19-20 നമ്പരായി കരാർ ചമയ്ക്കുകയും ചെയ്തു.

പ്രവൃത്തി പുരോഗതി വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഗ്രാമ പഞ്ചായത്ത് 22.10.2019 ന് A4-3829 /19 നമ്പറായി കത്ത് നൽകിയെങ്കിലും ജലഅതോറിറ്റി നടപടികൾ സ്വീകരിക്കാത്തതിനാൽ, സംയുക്ത പരിശോധനയിൽ കണ്ടെത്തിയ 151 ഉപയോഗശൂന്യമായ ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരമിനത്തിൽ 66062 രൂപ ബില്ലിൽ കുറവ് ചെയ്ത് തരണമെന്നാവശ്യപ്പെട്ടു കൊണ്ട് ഗ്രാമ പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് 16.11.2019 തിയ്യതിയിൽ മേൽ നമ്പറായി വീണ്ടും രജിസ്റ്റേർഡ് കത്ത് നൽകിയിട്ടുണ്ടെങ്കിലും ജല അതോറിറ്റി നടപടി സ്വീകരിക്കുകയോ മേൽ പറഞ്ഞ തുക കുറവു വരുത്തുകയോ ചെയ്തില്ല. പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഉപയോഗശൂന്യമായ ടാപ്പുകൾ ഒഴിവാക്കുന്നതിന് 144200 രൂപ പഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടും യാതൊരു നടപടിയും സ്വീകരിക്കാതെ, 11.12.2017 തിയ്യതിയിൽ A302/2017 നമ്പർ കത്ത് മുഖേന കേരള ജല അതോറിറ്റി നിർണയിച്ച നൽകിയ അതേ 282 ടാപ്പുകളുടെ വെള്ളക്കരം ഇപ്പോഴും ഈടാക്കിക്കൊണ്ടിരിക്കുന്നു.

ഉപയോഗ ശൂന്യമായ 151 ടാപ്പുകൾ അടച്ചിടുന്നതിനു വേണ്ടി ജല അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 144200 രൂപ ഗ്രാമ പഞ്ചായത്ത് അവരുടെ അക്കൗണ്ടിലൊടുക്കിയത് 19.09.19 നാണ്. എസ്റ്റിമേറ്റ് തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് ടി പ്രവൃത്തി ഏർപ്പാടാക്കുന്നതാണെന്ന് ജല അതോറിറ്റി പഞ്ചായത്തിന് ഉറപ്പു നൽകുകയും , ഈ ഉപാധിയുൾപ്പെടുത്തി പഞ്ചായത്തുമായി കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ കരാറിലെ വ്യവസ്ഥകൾ പാലിക്കാൻ അതോറിറ്റി തയ്യാറായിട്ടില്ല.

2010-11 മുതൽ 2020-21 വരെയുള്ള കാലയളവിൽ വെള്ളക്കരം കുടിശ്ശികയിനത്തിൽ 4705339 രൂപ മുതുതല പഞ്ചായത്ത് ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ടെന്നും എന്നിട്ടും കുടിശ്ശികയും അതിന്മേലുള്ള പിഴയും നിലനിൽക്കുന്നുവെന്നും ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ അടച്ചിടാൻ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുപോലും നാളിതുവരെ നടപടിയെടുക്കാതെ ഇപ്പോഴും ഉപയോഗശൂന്യമായ ടാപ്പുകളുടേതുൾപ്പെടെ 282

ടാപ്പുകൾക്ക് വെള്ളക്കരം ഈടാക്കുന്നവെന്നും അടിയന്തിരമായി നടപടി സ്വീകരിക്കണമെന്നും ഗ്രാമ പഞ്ചായത്ത് 11.06.21- ലെ എ4/2493/2021 നമ്പർ കത്ത് മുഖേന വീണ്ടും ആവശ്യപ്പെട്ടിട്ടുണ്ട്.

ഗ്രാമ പഞ്ചായത്ത് ജല അതോറിറ്റിയുമായി ചമച്ച 19-09.19 ലെ 08/2019-20 നമ്പർ കരാറിലെ 5- നമ്പർ ഉപാധി പ്രകാരം , ജല അതോറിറ്റിയുടേയോ തദ്ദേശ സ്ഥാപനത്തിന്റേയോ നിയന്ത്രണത്തിനതീതമായ കാരണങ്ങളൊന്നുമില്ലെങ്കിൽ പ്രസ്തുത സാമ്പത്തിക വർഷം തന്നെ ടി പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. മേൽ പറഞ്ഞ 2 സ്ഥാപനങ്ങളും അവരുടെ നിയന്ത്രണാധീതമായ കാരണങ്ങളൊന്നും നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

151 ടാപ്പുകൾ നീക്കം ചെയ്യുന്നതിന് ജല അതോറിറ്റി ആവശ്യപ്പെട്ട തുക 19-09.19 ന് ഒടുക്കിയെങ്കിലും പ്രവൃത്തി പൂർത്തീകരിക്കാൻ തയ്യാറാകാതെ , ഉപയോഗ ശൂന്യമായ ടാപ്പുകൾക്ക് അന്യായമായി വെള്ളക്കരം ഈടാക്കുന്നത് തുടരുകയും ചെയ്യുന്ന ജല അതോറ്റിറ്റിയുടെ നടപടി, കരാർ ലംഘനത്തിനും ഗ്രാമ പഞ്ചായത്തിന് ഭീമമായ സാമ്പത്തിക നഷ്ടത്തിന് ഇടവരുത്തുകയും ചെയ്തിരിക്കുന്നു. ഉഭയ കക്ഷി സമ്മതപ്രകാരം തയ്യാറാക്കിയ പട്ടികയുടെ അടിസ്ഥാനത്തിൽ ജല അതോറിറ്റി സമയബന്ധിതമായി നടപടിയെടുത്തിരുന്നുവെങ്കിൽ ഗ്രാമ പഞ്ചായത്തിന് 04/20 മുതൽ പ്രതിമാസം വെള്ളക്കരമിനത്തിൽ 66062.5 രൂപ ( ടാപ്പൊന്നിന്പ്രതിമാസം 437.5 രൂപ പ്രകാരം 151 ടാപ്പുകളുടെ പ്രതിമാസ ആകെത്തുക = 66062.5 രൂപ) ഒടുക്കേണ്ടി വരുമായിരുന്നില്ല.

2020-21 കാലയളവിൽ ഉപയോഗ ശൂന്യമായ ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ പഞ്ചായത്ത് ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

ജല അതോറിറ്റിയുടെ കണക്കു പ്രകാരം ആകെ ടാപ്പുകളുടെ എണ്ണം = 282

2020- 21 ലെ പ്രതിമാസ ബിൽ തുക = 123375.00 രൂപ

ടാപ്പൊന്നിന് പ്രതിമാസം ഒടുക്കേണ്ട തുക = 123375 /282 = 437.5 രൂപ

ഉപയോഗ ശൂന്യമായ 151 ടാപ്പുകൾക്ക് പ്രതിമാസം

ഒടുക്കിയ തുക = 437.5 X 151 = 66062.5 രൂപ

ഉപയോഗ ശൂന്യമായ 151 ടാപ്പുകൾക്ക്

04/2020 മുതൽ 03/2021 വരെ ഒടുക്കിയ ആകെ തുക = 66062.5 X 12 = 792750.00 രൂപ

(1) 2020-21 കാലയളവിൽ ഉപയോഗ ശൂന്യമായ പൊതു ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ ഒടുക്കിയ 792750 രൂപ KWA യിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ സമർപ്പിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 08/25.07.21) ന് മറുപടി സമർപ്പിച്ചില്ല.
ആയതിനാൽ ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗശൂന്യമായ ടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ ഭീമമായ തുക ഒടുക്കിക്കൊണ്ടിരിക്കുന്ന പ്രവണത അവസാനിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## 1-16 മെയിന്റനൻസ് ഫണ്ടിൽ നിന്നും പി.ടി.എസിന് വേതനം നൽകിയിരിക്കുന്നു

പ്രൊജക്റ്റ് നം. 164, പ്രാഥമിക ആരോഗ്യ കേന്ദ്രം - അനുബന്ധ ചെലവുകൾ

അടങ്കൽ - 200000/- രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 142598/- രൂപ

| ക്രമ നം. | ബിൽ നം./തീയതി | തുക |
|---|---|---|
| 1 | 01/20-21/27.08.2020 | 43500 |
| 2 | 06/20-21/29.09.2020 | 6690 |
| 3 | 12/20-21/22.10.2020 | 29119 |
| | | |

| | | |
|---|---|---|
| 4 | 16/20-21/21.11.2020 | 6131 |
| 5 | 19/20-21/22.03.2021 | 27191 |
| 6 | 25/20-21/24.03.2021 | 29967 |
| ആകെ | | 142598 |

മുതല പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ പി.ടി.എസ്. വേതനം, ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ, മറ്റ് ചെലവുകൾ എന്നിവ നിർവഹിക്കലാണ് പദ്ധതി ലക്ഷ്യം.

14.02.2018 ലെ സ.ഉ.(കൈ) നം.22/2018ത.സ്വ.ഭ.വ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 8.8 അനുസരിച്ച് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറി കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾ (കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യം പരിഗണിച്ച് സെക്രട്ടറി ഒരു നടപടിക്രമ ഉത്തരവിലൂടെ തുക അനുവദിക്കേണ്ടതാണ്. എന്നാൽ മേൽ സർക്കാർ നിർദ്ദേശത്തിലില്ലാത്ത പി.ടി.എസ്. വേതനം ഇനത്തിനായി ഒരു മാസം 6000/- രൂപ നിരക്കിൽ ആകെ 72000/- രൂപ ചെലവഴിച്ചതായി കാണുന്നു. മെയിന്റനൻസ് ഫണ്ട് (റോഡിതരം) ഉപയോഗിച്ച് മേൽ സർക്കാർ നിർദ്ദേശത്തിലില്ലാത്ത പി.ടി.എസ്. വേതനം ഇനത്തിനായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/28.07.2021) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പി.ടി.എസിന്റെ സേവനം അനിവാര്യമാണെന്ന് ഭരണ സമിതിക്കും എച്ച്.എം.സിക്കും ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഒഴിവുള്ള പി.ടി.എസ് തസ്തികയിൽ ദിവസവേതനത്തിന് ആളെ നിയമിച്ചതെന്നും തനത് ഫണ്ട് കുറവായതിനാലാണ് മെയിന്റനൻസ് ഫണ്ടിൽ നിന്നും തുക അനുവദിച്ചതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ സർക്കാർ മാർഗ നിർദ്ദേശങ്ങൾ/ഉത്തരവുകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ പി.ടി.എസിന്റെ സേവനം അനിവാര്യമായതിനാൽ സ്ഥിര നിയമനമാവുന്നതുവരെ ഒഴിവുള്ള പി.ടി.എസ് തസ്തികയിൽ ആളെ നിയമിച്ച് വേതനം നൽകുന്നതിനായി സർക്കാരിന്റെ അനുമതിയോടെ പ്രത്യേക പ്രൊജക്ട് തയ്യാറാക്കേണ്ടതാണ്.

<u>1-17 ആട് വളർത്തൽ (ജനറൽ) - അപാകതകൾ</u>

പ്രൊജക്ട് നമ്പർ- 112/21

അടങ്കൽ - 1040000.00- (പ്ലാൻ (ജ) 5,20000 ഗു.വി- 520000.00)

ചെലവ് - 610000.00 ( പ്ലാൻ- 2,80000.00 - ട്രഷറി ബിൽ നമ്പർ 05/05.01.21- 210000.00

06/11.02.21- 70000.00

09/11.02.21- 1,50000.00

ഗുണഭോക്തൃ വിഹിതം - ചെക്ക് നം 5856941/20.00221 – 70000.00

328911/30.03.21 - 110000

മേൽ പ്രോജക്റ്റ് പ്രകാരം 52 ഗുണഭോക്താക്കൾക്ക് ആടുകളെ വളർത്തുന്നതിന് സബ്സിഡി നൽകുന്നതിന് ഉദ്ദേശിച്ച പദ്ധതിയിൽ 33 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി വിതരണം ചെയ്യാൻ കഴിഞ്ഞത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. ആടുകളെ വിതരണം ചെയ്തതിൽ ഒരേ കുടുംബത്തിലെ അംഗത്തിൽനിന്ന് ആടുകളെ വാങ്ങിയതായി കാണിച്ച് തുക അനുവദിച്ചു. താഴെ പറയുന്ന ഗുണഭോക്താവിന് തുക കൈമാറിയത് (ട്രാൻസഫർ ക്രെഡിറ്റ്) കുടുംബത്തിലുള്ള വ്യക്തി തന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോ ക്താവിന്റെ | ആട് വിറ്റ | വിറ്റ | അനു വദിച്ച | ബാങ്ക് അക്കൗ | റേഷൻ കാർഡ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | പേരും വിലാസവും | ആളുടെ പേര് | ആൾക്ക് ഗുണഭോക്താവുമായുള്ള ബന്ധം | സബ്സിഡി (₹) | ണ്ട് നം. | നം. |
| 1. | റുക്കിയ. കെ W/O / യൂസഫ്, കാവതിയാട്ടിൽ, കൊഴിക്കോട്ടിരി | മുഹമ്മദ് സലാഹുദ്ദീൻ, S/O, യൂസഫ്, കാവതിയാട്ടിൽ, കൊഴിക്കോട്ടിരി | മകൻ | 10000 | 0660053 000002319 | 1976 011469 |
| 2. | ജയശ്രീ, W/O മണികണ്ഠൻ, ഗീതാലയം, കൊഴിക്കോട്ടിരി | വിഷ്ണു, S/O വസുന്ധരാദേവി, ഗീതാലയം, കൊഴിക്കോട്ടിരി | മകളുടെ മകൻ | 10000.00 | 5709020 10008326 | 976 011551 |
| 3. | മറിയാമു, W/O അബൂബക്കർ, പാലത്തിങ്കൽ പെരുമുടിയൂർ | ഹസീന D/O അബൂബക്കർ, പാലത്തിങ്കൽ പെരുമുടിയൂർ | മകൾ | 10000.00 | 601110 1002893 | 19760 12505 |
| 4. | പാത്തുമ്മക്കുട്ടി W/O മുഹമ്മദ്, കുളപ്രക്കുന്നത്ത്, കൊട്ടുമുണ്ട | ഹസ്ന D/O അബ്ദുൽ സലീം & ആസ്യ W/O അബ്ദുൾ സലീം, കുളപ്രക്കുന്ന | ചെറുമകൾ& മകന്റെ ഭാര്യ (Joint Account) | 10000.00 | 391415 28533 | 1976 011880 |

| | | | | | | |
|---|---|---|---|---|---|---|
| | | ത്ത്, കൊട്ട മുണ്ട | | | | |

റേഷൻകാർഡ് പ്രകാരം ഒരു കുടുംബത്തിൽ ഉൾപ്പെട്ടവർ തമ്മിൽ ഇടപാടുകൾ നടത്തി സബ്സിഡി നൽകിയതിൽ സുതാര്യതയില്ല. സർക്കാർ ധനസഹായം അനർഹമായും ക്രമ വിരുദ്ധമായും കൈപ്പറ്റിയ നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 13/30.07.21) മറുപടി സമർപ്പിച്ചില്ല.
ആയതിനാൽ വ്യക്തമായ വിശദീകരണം സമർപ്പിക്കുന്നതിന വിധേയമായി ഈയിനത്തിലെ ചെലവു തുക 40000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 ആട്ട വളർത്തൽ (എസ്.സി)- പ്രൊജക്ട് നിർവഹണത്തിലെ അപാകതകൾ സംബന്ധിച്ച്

I.പ്രൊജക്ട് നമ്പർ- 113/21

അടങ്കൽ - 900000.00- (പ്ലാൻ SCP- 675000.00 ഗു.വി- 225000.00)

ചെലവ് - 760000.00 ( പ്ലാൻ- 570000.00 - ട്രഷറി ബിൽ നമ്പർ 04/05.01.21- 480000.00

07/11.02.21- 60000.00

11/27.03.21- 30,000.00

ഗുണഭോക്തൃ വിഹിതം - ചെക്ക് നം 328911/30.03.21 – 1,70000.00

5856941/202.02.21 - 20,000.00 മേൽ പ്രോജക്റ്റ് പ്രകാരം 45 ഗുണഭോക്താക്കൾക്ക് ആട്ടകളെ വളർത്തുന്നതിന് സബ്സിഡി നൽകുന്നതിന് ഉദ്ദേശിച്ച പദ്ധതിയിൽ 38 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി വിതരണം ചെയ്യാൻ കഴിഞ്ഞത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. ആട്ടകളെ വിതരണം ചെയ്തതിൽ ഒരേ കുടുംബത്തിലെ അംഗത്തിൽനിന്ന് ആട്ടകളെ വാങ്ങിയതായി കാണിച്ച് തുക അനുവദിച്ചു. താഴെ പറയുന്ന ഗുണഭോക്താവിന് തുക കൈമാറിയത് (ട്രാൻസഫർ ക്രെഡിറ്റ്) കുടുംബത്തിലുള്ള വ്യക്തി തന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണ ഭോക്താ വിന്റെ പേരും വിലാ സവും | ആട് വിറ്റ ആളുടെ പേര് | വിറ്റ ആൾക്ക് ഗുണഭോ ക്താവു മായുള്ള ബന്ധം | അനുവ ദിച്ച സബ് സിഡി (₹) | ബാങ്ക് അക്കൗ ണ്ട് നം. | റേഷൻ കാർഡ് നം. |
|---|---|---|---|---|---|---|
| 1. | 1.കുഞ്ഞി ലക്ഷ്മി W/O കുഞ്ഞു കുട്ടൻ, കൊരടി പള്ളി യാലിൽ, മുതുതല. | യമുനാ ദേവി D/O കുഞ്ഞു കുട്ടൻ, കൊരടി പള്ളി യാലിൽ | മകൾ | 15000 | 9153438 00870 | 19760 49217 |
| 2. | ശാരദ, W/O ഉണ്ണി കൃഷ്ണൻ, | അനിത, W/O പ്രവീ ൺ, | മകന്റെ ഭാര്യ | 15000.00 | 671966 58184 | 19760 12136 |

| | | | | | | |
|---|---|---|---|---|---|---|
| | പാറ പ്പുറത്ത്, പെരു മുടിയൂർ | പാറ പ്പുറത്ത് , പെരു മുടിയൂർ | | | | |
| 3. | ജാനകി W/O വേലാ യുധൻ, പൂവ്വ ത്തൊടി, പെരു മുടിയൂർ | രജിത. P D/O വേലാ യുധൻ, പൂവ്വ ത്തൊടി , പെരു മുടിയൂർ | മകൾ | 15000 | 14120100 129949 | 19760 68904 |
| 4. | കല്യാണി, W/O കുട്ടപ്പൻ, നമ്പ്രത്ത് തോട്ട ത്തിൽ, പെരു മുടിയൂർ. | അനിത, W/O സുബ്ര ഹ്മണ്യൻ, നമ്പ്രത്ത് തോട്ട ത്തിൽ, പെരു മുടിയൂർ. | മകന്റെ ഭാര്യ | 15000 | 305675 98976 | 19760 12843 |

ക്രമനമ്പർ (4) -ലെ ഗുണഭോക്താവിന്റെ റേഷൻ കാർഡിലെ അംഗമായ ശ്രീ മധു. എൻ.ടി ( ഗുണഭോക്താവിന്റെ മകൻ ഈ പദ്ധതിയിലെ തന്നെ മറ്റൊരു ഗുണഭോക്താവായ ഗിരിജ, നെല്ലൻമാരിൽ വീട് മുതുതല എന്നയാൾക്ക് ആടിനെ വിൽപ്പന നടത്തി തുക കൈപ്പറ്റിയിട്ടുണ്ട്. ബാങ്ക് അക്കൌണ്ട് നമ്പർ (20148928601)ചുരുക്കത്തിൽ ആടിനെ വളർത്തുന്നതിന് ധനസഹായം കൈപ്പറ്റിയ വീട്ടിൽ നിന്ന് തന്നെ ആടിനെ വിൽപ്പന നടത്തി തുക കൈപ്പറ്റി .

പ്ലാൻ സബ്സിഡി ക്രമ വിരുദ്ധമായി വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 13/30.07.21) മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ വ്യക്തമായ വിശദീകരണത്തിനു വിധേയമായി ഈയിനത്തിൽ ചെലവഴിച്ച 60000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 ജീവനക്കാരുടെ ഓണം മുൻകൂർ തുക - 6000 രൂപ തിരികെ ഈടാക്കിയിട്ടില്ല**

മുതുതല ഗ്രാമ പഞ്ചായത്ത് ഓഫീസിൽ 2015-16 സാമ്പത്തിക വർഷത്തിൽ സേവനത്തിലിരിക്കെ ഓണം അഡ്വാൻസ് ഇനത്തിൽ ശ്രീ എം. വിനോദ് LD ക്ലാർക്ക് 10000 രൂപ കൈപ്പറ്റുകയും രണ്ട് ഗഡുക്കളായി 2000 രൂപ വീതം , യഥാക്രമം 21500430/01.10.15 , 21500511/03.11.15 എന്നീ രശീതികൾ പ്രകാരം തിരിച്ചടച്ചിട്ടുണ്ട്. 31.03.21 -ലെ കണക്കു പ്രകാരം ടിയാൻ 6000 രൂപ നാളിതുവരെ തിരിച്ചടച്ചതായി കാണുന്നില്ല. ടി തുക നാളിതുവരെ ഈടാക്കുകയും തനത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യാത്ത നടപടിയിന്മേൽ വിശദീകരണമാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. ആയതിനാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട 6000 രൂപ മേൽ പറഞ്ഞ ജീവനക്കരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

**1-20 ആയുർവേദ ഡിസ്പെൻസിറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

പ്രൊജക്റ്റ് നം. 38, ആയുർവേദ ഡിസ്പെൻസിറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 623250/- രൂപ

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ചെലവ് - 623250/- രൂപ

ആയുർവേദ ഡിസ്പൻസിറിക്ക് മരുന്ന് വാങ്ങൽ പദ്ധതിയുടെ ഭാഗമായി 29.12.2020 ലെ ബിൽ നം.03/2020-21 പ്രകാരം 623250/- രൂപ (പ്രൊഫോർമ ഇൻവോയ്സ് നം. 116597/22.10.2020) ഔഷധിയുടെ അക്കൗണ്ടിലേക്ക് (നം. 5913005900000015, പഞ്ചാബ് നാഷണൽ ബാങ്ക്) മാറി നൽകിയിട്ടുണ്ട്. എന്നാൽ ഔഷധിയിൽ നിന്നും ലഭിച്ചിട്ടുള്ള ഇൻവോയ്സ് പ്രകാരം ആകെ 602800/- രൂപയുടെ മരുന്നുകളാണ് ലഭിച്ചിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. | തിയതി | തുക (ജി.എസ്.ടി. ഉൾപ്പെടെ) |
|---|---|---|---|
| 1 | 90194905 | 16.01.2021 | 379871 |
| 2 | 90917652 | 31.01.2021 | 103745 |
| 3 | 90201271 | 28.02.2021 | 77340 |
| 4 | 90206172 | 31.03.2021 | 33874 |
| 5 | 90208947 | 27.05.2021 | 7970 |
| ആകെ തുക | | | 602800 |

ബാക്കിയുള്ള തുകയായ 20450/- (623250-602800) രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭിച്ചതായി കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 7/19.07.2021) ബാക്കിയുള്ള മരുന്നുകൾ ഉടൻ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഹോമിയോ ആഴപത്രിക്ക് മരുന്ന്- മരുന്ന് ലഭിച്ചിട്ടില്ല-

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ' എന്ന പ്രൊജക്ട് ( നമ്പർ 193/2021) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനു വേണ്ടി 100000 രൂപ , കേരളാ സ്റ്റേറ്റ് ഹോമിയോപ്പതിക് കോപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ 26/16.03.21 ) തുക മരുന്ന് വിതരണക്കാരുടെ SBI A/C 34306403911 നമ്പർ അക്കൗണ്ടിലേക്ക് 16.03.21 ന് നിക്ഷേപിച്ചിട്ടുണ്ട്. ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ, സ്റ്റോക്ക് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ, മേൽ പറഞ്ഞ തുകയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല എന്നു കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ 20/03-08-21) മറുപടി സമർപ്പിച്ചില്ല.
ആയതിനാൽ വിതരണ സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വിവിധ ഏജൻസികൾക്ക് നിർവഹണത്തിനു വേണ്ടി കൈമാറിയ പ്രൊജക്ടുകൾ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രൊജക്റ്റുകൾ നടപ്പിലാക്കുന്നതിനു വേണ്ടി നിർവഹണ ഏജൻസികൾക്ക് കൈമാറിയ പ്രൊജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ :- സെക്രട്ടറി

| ക്രമനം | പ്രൊജക്റ്റ് നമ്പർ | പ്രൊജക്റ്റിന്റെ പേര് | നിർവഹണ ഏജൻസിയും ബാങ്ക് അക്കൗണ്ട് നമ്പറും | കൈമാറിയ തുക | ട്രഷറി ബിൽ / വൗച്ചർ നം തീയ്യതി |
|---|---|---|---|---|---|
| 1 | 203/21 | Sc കോളനികളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | കേരള സംസ്ഥാന വൈദ്യുതി ബോർഡ് 670403169641-SBI | 32618/- (തനത്ഫണ്ട്) | 22000675/ 11.11.20- 18748/-<br>2200954/ 16.02.21 8872/-<br>22001056/ 19.03.21 4998/- |

മേൽ പറഞ്ഞ പ്രൊജക്റ്റിന്റെ നിർവഹണവുമായി ബന്ധപ്പെട്ട ചെലവ് പുരോഗതി റിപ്പോർട്ട് / വിനിയോഗസാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)-അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്. 2019-20, 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടപ്പിലാക്കിയതിന്റെ രേഖകൾ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ലൈഫ് പദ്ധതി മൂന്നാംഘട്ടം

19 ജനറൽ വിഭാഗവും 19 എസ് സി വിഭാഗവും ഉൾപ്പെടെ 38 പേർ ഉള്ള ഈ പദ്ധതിയിൽ നിലവിൽ 2 ജനറൽ 4 എസ് സി സ്ഥലം വാങ്ങിയുട്ടുണ്ട് 2 പേർ സ്വന്തം നിലയിൽ സ്ഥലം ആർജ്ജിച്ചിട്ടും ഉണ്ട്.

1. ലൈഫ് മിഷൻ ഭവന പദ്ധതി ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ - ജനറൽ (പ്രൊജക്റ്റ് നം 27/21)

| ഫണ്ട് | 2020-21 | |
|---|---|---|
| ജനറൽ | അടങ്കൽ | ചെലവ് |
| പ്ലാൻഫണ്ട് | 900000 | 400000 |
| തനത് ഫണ്ട് | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1600000 | 0 |
| ജില്ലാ പഞ്ചായത്ത് | 1500000 | 0 |
| മറ്റിനം(വായ്പ) | 0 | 0 |
| | | |

| | | |
|---|---|---|
| ആകെ | 4000000 | 400000 |

2. ലൈഫ് മിഷൻ ഭവന പദ്ധതി ഭൂരഹിത ഭവന രഹിതർക്ക് ഭൂമി വാങ്ങൽ - എസ് സി (പ്രൊജക്ട് നം 17/21)

| ഫണ്ട് | 2020-21 | |
|---|---|---|
| എസ് സി | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1480000 | 900000 |
| ബ്ലോക്ക് പഞ്ചായത്ത് | 1397500 | 0 |
| ജില്ലാ പഞ്ചായത്ത് | 1397500 | 0 |
| തനതു ഫണ്ട് | 0 | 0 |
| ആകെ | 4275000 | 900000 |

C)ലൈഫ് ഭവനം പട്ടികജാതി (പ്രൊജക്ട് നം10/21)

| ഫണ്ട് | 2020-21 | |
|---|---|---|
| എസ് സി | അടങ്കൽ | ചെലവ് |
| പ്ലാൻ ഫണ്ട്(എസ്.സി.പി) | 1120000 | 1120000 |
| ബ്ലോക്ക് പഞ്ചായത്ത് | 2000000 | 580000 |
| ജില്ലാ പഞ്ചായത്ത് | 2000000 | 322336 |
| തനതു ഫണ്ട് | 0 | 0 |
| മറ്റുളവ | 2480000 | 690000 |
| ആകെ | 7600000 | 2712336 |

D)ലൈഫ് ഭവനം ജനറൽ (പ്രൊജക്ട് നം23/21)

| ഫണ്ട് | 2020-21 | |
|---|---|---|
| ജനറൽ | അടങ്കൽ | ചെലവ് |
| പ്ലാൻഫണ്ട് | 900000 | 900000 |
| തനത് ഫണ്ട് | 0 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1600000 | 0 |
| ജില്ലാ പഞ്ചായത്ത് | 1500000 | 350721 |
| മറ്റിനം(വായ്പ) | 8244175 | 1740388 |
| ആകെ | 12244175 | 2991109 |

<u>ആദ്യഗഡു കൈപ്പറ്റി നിർമ്മാണം തുടരാൻ കഴിയാത്തവർ</u>

ലൈഫ് പദ്ധതി രണ്ട്- മൂന്നാംഘട്ടങ്ങളിലായി 1 ഗുണഭോക്താവ് ആദ്യഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിലും തുടർ നിർമ്മാണം നടത്തിയിട്ടില്ല. ഏറ്റവും അർഹരായ ചിലർക്ക് സർക്കാർ നൽകുന്ന ധനസഹായം നൽകിയാലും ഭവനനിർമ്മാണം ആരംഭിക്കാനോ ചിലർക്ക് പൂർത്തിയാക്കാനോ കഴിയില്ല. ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഒരു രൂപ പോലും അധിക ധനസമാഹരണം നടത്തുന്നതിന് ഇവർക്ക് സാധിക്കില്ല. മേൽപ്പറഞ്ഞ പ്രകാരം വീട്ടുപണി തുടങ്ങാൻ കഴിയാത്ത ഈ ഗണത്തിൽപ്പെട്ടവരെ സഹായിക്കുന്നതിന് ലൈഫ് മിഷൻ മാർഗ്ഗരേഖ സ.ഉ (എം.എസ്) നം 151/2017/ത.സ്വ.ഭ.വ തീയതി 31.07.17 പ്രകാരം താഴെ പറയുന്നതു പോലെയുള്ള മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

1. ഇവർക്ക് ആവശ്യമായ അധിക മാനവശേഷി നൽകിയും പ്രാദേശികമായി ധനസമാഹരണം നടത്തിയും ഭവനനിർമ്മാണത്തിൽ പങ്കാളികളായും സഹായിക്കാവുന്നതാണ് . ഇതിനായി കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ് പ്രവർത്തകർ, മറ്റ് സാമൂഹിക സന്നദ്ധപ്രവർത്തകർ എന്നിവരുടേയും സേവനം ഉറപ്പ വരുത്താവുന്നതാണ്.

2. നിരാശ്രയർക്ക് സ്പോൺസർഷിപ്പ് വഴി ഭവനം പൂർണ്ണമായി നിർമ്മിച്ച നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3. തങ്ങളുടെ സ്കൂളിൽ അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന ഏതെങ്കിലും വിദ്യാർത്ഥികൾ ലൈഫ് മിഷനിലെ ഗുണഭോക്താവ് ആണെങ്കിൽ പ്രസ്തുത വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികളിൽ നിന്നും ധനശേഖരണം നടത്തിയും മാനുഷികശേഷി ഉപയോഗിച്ചും ഭവന നിർമ്മാണം പൂർത്തീകരിച്ച നൽകാവുന്നതാണ്.

വീടുപണി തുടങ്ങാൻ /പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ആവശ്യമെങ്കിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

ഹഡ്കോ ലോൺ

ഹഡ്കോയിൽ നിന്നും KURDFC മുഖേന നാളിതു വരെ 13693980 രൂപ വായ്പ ലഭ്യമായിട്ടുണ്ട്. തുക സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം - 30555520616.- SBI MUTHUTHALA BRANCH ബാങ്ക്) നിക്ഷേപിച്ച് ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും 2541109 രൂപ ലഭ്യമായിട്ടുണ്ട്.

ഭവനനിധി രൂപീകരിച്ചതിന്റെ വിവരങ്ങൾ

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പ്രധാനമായും ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ ഭവനനിധി രൂപികരിച്ചിട്ടില്ല

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. സ്റ്റാന്റിംഗ് കമ്മറ്റികളും മോണിട്ടറിംഗ് കാര്യക്ഷമമായി നർവഹിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. മറ്റ് മാനദണ്ഡങ്ങൾ പ്രകാരം അർഹരായവരും എന്നാൽ റേഷൻ കാർഡില്ലാത്ത കാരണത്താൽ ഒഴിവായിപ്പോയ അഗതികളെ ഗുണഭോക്താക്കളായി പരിഗണിച്ച് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ശുപാർശയിൽ ജില്ലാ കളക്ടറുടെ അനുമതിയോടു കൂടി പേര് ഗുണഭോക്തൃ പട്ടികയിൽ ചേർക്കാവുന്നതും തുടർന്ന് ഭവന നിർമ്മാണത്തിന് ധനസഹായം നൽകാവുന്നതുമാണ്. ഗ്രാമ പഞ്ചായത്തിൽ വീടില്ലാത്ത ആശ്രയ ഗുണഭോക്താക്കളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. ഭവനത്തോടൊപ്പം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംയോജന സാധ്യത പരിഗണിക്കേണ്ടതാണ്.
   പദ്ധതിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

1-24 എൻ.ആർ.ഇ.ജി.എസ്.എസ്റ്റാബ്ലീഷ്മെന്റ് ചെലവുകൾ - തനത് ഫണ്ടിൽ നിന്നും നൽകിയ

തുക ക്രമീകരിച്ചിട്ടില്ല

ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും എൻ.ആർ.ഇ.ജി.എസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 1071872 രൂപ അഡ്വാൻസ് ചെയ്തിട്ടുണ്ട്. മുൻ അഡ്വാൻസിൽ അഡ്ജസ്റ്റ് ചെയ്യുവാൻ ബാക്കിനിൽക്കുന്നതുൾപ്പെടെ 2020-21 ൽ ക്രമീകരിക്കുവാൻ ബാക്കിനിൽക്കുന്ന ആകെ അഡ്വാൻസ് തുക 251716 രൂപയാണ്. ഈ തുക പൂർണ്ണമായും തനത് ഫണ്ടിലേക്ക് മുതൽകൂട്ടി അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്.

1-25 തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ തൻ വർഷം ഏറ്റെടുത്തു നടത്തിയ വിവിധ പദ്ധതികളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രവൃത്തി വിഭാഗം | ചെലവഴിച്ച തുക |
|---|---|---|
| 1 | ജലസംരക്ഷണവും ജലസംഭരണവും | 1004895 |
| 2 | ഡ്രോട്ട് പ്രൂഫിംങ് | 254330 |
| 3 | ചെറുകിട ജലസേചന പദ്ധതികൾ | 5924790 |
| 4 | സ്വകാര്യ ഭൂമിയിലെ പ്രവൃത്തികൾ | 4375025 |
| 5 | ഭൂവികസനം | 2886535 |
| 6 | വെള്ളപ്പൊക്ക നിയന്ത്രണവും സംരക്ഷണവും | 3984790 |
| 7 | റൂറൽ കണക്റ്റിവിറ്റി | 1681910 |
| | ആകെ | 20135335 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 580000 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (10/20-21) | 580000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 550400 | നെൽ സമൃദ്ധി (152/20) | 550400 | 0 |
| | 2016-17 | 480000 | നെൽ സമൃദ്ധി (235/20) | 480000 | 0 |
| | 2016-17 | 29675 | സമൃദ്ധി-ഉഴവ്കൂലി | 29675 | 0 |
| | 2020-21 | 332236 | ലൈഫ് മിഷൻ തുക വക യിരുത്തൽ-SC (10/20-21) | 332236 | 0 |
| | 2020-21 | 350721 | ലൈഫ് മിഷൻ തുക വക യിരുത്തൽ ജനറൽ (23/20-21) | 350721 | 0 |
| | 2020-21 | 500000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (ജനറൽ)-(170/20-21) | 500000 | 0 |
| | 2020-21 | 100000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി (212/20) | 100000 | 0 |
| | 2020-21 | 100000 | ക്ഷീര സംഘങ്ങൾക്ക് പാലിന് സബ്സിഡി (212/20) | 100000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം./ തിയ്യതി | മുൻകൂർ നൽകിയ | ചെലവഴിച്ച തുക |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| KSEB | SC കോളനികളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22000675/ 11-11/21 | 18748/- | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |
| | | 22000954/ 16-2-21 | 8872/- | |
| | | 22001056/ 19-3-21 | 4998/- | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1310000 രൂപ വരവുണ്ട്.

തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFCലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 1310000 | 6762353 | 1025020 | - | 7047333 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 152206 |
| പലിശ | 11976 |
| തൻവർഷം നിക്ഷേപിച്ച തുക | 164002 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| 31/3/2021 ന് അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 164002 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പട്ടാമ്പി സർവ്വീസ് സഹകരണ ബാങ്ക് .ർ,മുതുതല ബ്രാഞ്ച്. | 23-12-2020 | ഒരു വർഷം | 164002 | --- |
| ആകെ | | | | 164002 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ | രശീത് നമ്പർ |
|---|---|---|---|

| | | | | |
|---|---|---|---|---|
| വർഷം | ഖണ്ഡിക | തുക | പേരും ഉദ്യോഗ പ്പേരും | തിയ്യതി |
| 2017-18 | 3-5 | 4250 | കെ.സുനിൽകുമാർ, അസി. എഞ്ചിനീയർ | 120090100067/ 30-4-2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-00 27-എ,ബി, സി, ഡി | 2003-04 3.9.4 | മരാമത്ത് ടെണ്ടർ - അധിക തുക നൽകിയത് | ഖണ്ഡിക തീർപ്പാക്കിയിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല-------

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 10487896 |
| ഓഡിറ്റ് വർഷത്തെ വരവ് | 67282231 |
| ആകെ | 77770127 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67039596 |
| നീക്കിയിരിപ്പ് | 10730531 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 40000/- | ഡോ.വൈഖരി,<br>വെറ്ററിനറി സർജ്ജൻ |
| 1-18 | 60000/- | ---------ടി------- |
| ആകെ | 100000/- | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.വൈഖരി, വെറ്ററിനറി സർജ്ജൻ | വെറ്ററിനറി സർജ്ജൻ, മുതല ഗ്രാമ പഞ്ചായത്ത് | അഭയം, വെള്ളിമൺ, പെരിനാട്, കേരളപുരം, കൊല്ലം ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | ഓഡിറ്റ് അദാലത്ത്<br>1996-97 To 2006-07 Dt.9.11.2018 | 5 |
| 1997-98 | -ടി- | 18 |
| 1998-99 | -ടി- | 3 |
| 1999-00 | -ടി- | 6 |
| 2000-01 | -ടി- | 4 |
| 2001-02 | -ടി- | 9 |
| 2002-03 | -ടി- | 5 |
| 2003-04 | -ടി- | 10 |
| 2004-05 | -ടി- | 8 |
| 2005-06 | -ടി- | 13 |
| 2006-07 | -ടി- | 19 |
| 2007-08 | എൽ.എഫ്.പി.13-116/13 Dt.6.6.2014 | 15 |
| 2008-09 | എൽ.എഫ്.പി.13-978/2013 Dt.5.2.2014 | 14 |
| 2009-10<br>2010-11 | എൽ.എഫ്.പി.13-2449/14 Dt. 10.3.2015 | 16 |
| | | |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.പി.കെ.ഡി.13-642/2016<br>Dt.19..2018 | 10 |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.13-948/2016<br>Dt.16.3.2018 | 13 |
| 2013-14<br>2014-15 | കെ.എസ്.എ.പി.കെ.ഡി.13-2015/16<br>Dt.19.2.2018 | 7 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.13-105/2017<br>Dt.24.1.2018 | 18 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.13-421/17<br>Dt.24.1.2018 | 15 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.13-834/17<br>Dt.19-7-2019 | 11 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.13-109/17<br>Dt.27-2-21 | 13 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.<br>13/1012/21 Dt. | |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മുതുതല ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

ഓഡിറ്റ് ചെയ്ത കണക്കുകളുടെ സംക്ഷിപ്ത പത്രികകൾ

1. INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3924341.00 |
| 140000000 | Fee & User Charges | I-4(b) | 446396.00 |
| 150000000 | Sale & Hire Charges | I-5(b) | 65620.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 131776667.00 |
| 170000000 | Income from Investments | I-7 | 11796.00 |
| 171000000 | Interest Earned | I-8 | 354383.00 |
| 180000000 | Other Income | I-9 | 41740.00 |
| | Total Income | | 136620943.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8702096.00 |
| 220000000 | Administrative Expenses | I-11(b) | 1096918.00 |
| 230000000 | Operations & Maintenance | I-12(b) | 3027791.00 |
| 240000000 | Interest & Finance Charges | I-13 | 275.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7434958.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42176462.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2523224.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2742310.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54596600.00 |
| 255000000 | Maintenance Projects | I-14(e) | 12706315.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1899752.00 |
| 272000000 | Depreciation | I-17(a) | 14671071.00 |
| | Total Expenditure | | 151577772.00 |
| | Gross Surplus/ Deficit of income over | | -14956829.00 |

| | | | |
|---|---|---|---|
| | Expenditure | | |
| 280000000 | Prior Period Item | I-18 | 12904.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -14969733.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2.RECEIPT & PAYMENT STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10487896.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 742450.00 |
| 140000000 | Fees & User Charges | RP-4 | 379566.00 |
| 150000000 | Sale & Hire Charges | RP-5 | 65620.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50958972.00 |
| 171000000 | Interest Earned | RP-9 | 354383.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10387975.00 |
| 350000000 | Other Liabilities | RP-36 | 53240.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 41740.00 |
| 330000000 | Secured Loans | RP-32 | 1310000.00 |
| 340000000 | Deposits Received | RP-34 | 101500.00 |
| 350000000 | Other Liabilities | RP-36 | 161925.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2724860.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| | Grand total | | 77770127.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2608981.00 |
| 220000000 | Administrative Expenses | RP-12 | 1038444.00 |
| 230000000 | Operations & Maintenance | RP-13 | 3087320.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7379888.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17843806.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2549594.00 |
| 253000000 | Decentralised Plan Programme-Projects not included in Sector | RP-18 | 2742310.00 |

| | | | |
|---|---|---|---|
| | Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 244700.00 |
| 255000000 | Maintenance Projects | RP-20 | 12706315.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1899752.00 |
| 280000000 | Prior Period item | RP-26 | 87665.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 579310.00 |
| 350000000 | Other Liabilities | RP-36 | 4312992.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 275.00 |
| 280000000 | Prior Period Item | RP-26 | -87774.00 |
| 340000000 | Deposits Received | RP-34 | 63959.00 |
| 350000000 | Other Liabilities | RP-36 | 1691894.00 |
| 410000000 | Fixed Assets | RP-38 | 5120264.00 |
| 412000000 | Capital work in Progress | RP-40 | 0.0 |
| 420000000 | Investments | RP-41 | 152206.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 548119.00 |
| 440000000 | Pre-paid Expenses | RP-45 | 1299279.00 |
| 460000000 | Loans, Advances and Deposits | RP-47 | 1170297.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10616221.00 |
| Cash | Cash | RP-40(b) | 114310.00 |
| | Grand Total | | 77770127.00 |

3.BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 4363067.98 |
| 312000000 | Reserves | B-3 | 58184676.00 |
| | Total Reserve & Surplus | | 62547743.98 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6277183.00 |
| | Total Grants, Contributions for Specific Purposes | | 6277183.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7135568.00 |
| | Total Loans | | 7135568.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 171160.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 992014.02 |
| | Total Current Liabilities and Provisions | | 1163174.02 |
| | TOTAL LIABILITIES | | 77123669.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 74892793.00 |
| 411000000 | Accumulated Depreciation | B-11 | -17450014.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 57442779.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 164002.00 |
| | Total Investments | | 164002.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 1412188.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -31250.00 |
| 440000000 | Pre-paid Expenses | B-16 | 7124847.00 |
| 450000000 | Cash and Bank Balance | B-17 | 10730531.00 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 280572.00 |
| | Total Current Assets, Loans and Advances | | -31250.00 |
| | Total Current Assets, Loans and Advances | | 19548138.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 77123669.00 |